I/189718/2024

ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം.

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം- സ്പെഷ്യാലിറ്റി -കേഡർ ഉപരി പഠനാർത്ഥമുള്ള ശൂന്യ വേതന അവധിയ്ക്ക് ശേഷം ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഡോ. പ്രശോഭ് രാജ് യു ജൂനിയർ കൺസൾട്ടൻ്റ്, ഗൈനക്കോളജി യുടെ 02.04.2024 തീയതിയിലെ അപേക്ഷ

**ഉത്തരവ് നം :ഇബി3-11818/2024/ആവഡ തീയതി : 07-04-2024**

വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സേവനത്തിലിരിക്കെ 05.04.2023 മുതൽ ഉപരിപഠനാർത്ഥമുള്ള ശൂന്യ വേതന അവധിയിൽ പ്രവേശിച്ച ഡോ. പ്രശോഭ് രാജ് യു -ന്റെ അവധി കാലയളവ് 04.04.2024 ന് അവസാനിക്കുന്നതിനാൽ ടിയാന് ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. പ്രശോഭ് രാജ് യു യ്ക്ക് കാസറഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ അവധി ക്രമീകരിക്കുന്നതിനു വിധേയമായി നിയമനം നൽകി ഉത്തരവാകുന്നു.

2024 ലെ പൊതുസ്ഥലമാറ്റം മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ സ്ഥലംമാറ്റം നടത്തുന്ന അവസരത്തിൽ ആവശ്യമെങ്കിൽ പ്രസ്തുത നിയമനം പുന:പരിശോധിക്കുന്നതാണ്.

ഡോ.പ്രശോഭ് രാജ് യു 11.04.2024 ന് മുൻപ് ജോലിയിൽ പ്രവേശിക്കേണ്ടതും ജോലിയിൽ പ്രവേശിച്ച ആർ.ടി.സി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 07-04-2024 12:10:51

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.പ്രശോഭ് രാജ് യു, ജൂനിയർ കൺസൾട്ടന്റ് (OBG)

പകർപ്പ് :
1.അക്കൗണ്ടൻറ്റ് ജനറൽ (J) & ഇ), തിരുവനന്തപുരം
2. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം)
3. ഫയൽ/കരുതൽ ഫയൽ